LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ റവന്യൂ വിംഗ്

86 [1025] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷമായി സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശരാശരി നികുതി പിരിവ് എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ അഞ്ച് വർഷമായി നൂറ് ശതമാനം നികുതി പിരിവ് നടത്തിയ എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംസ്ഥാനത്ത് ഉണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കേണ്ടി വന്ന ജോലിഭാരവും ജീവനക്കാരുടെ കുറവുമാണ് നികുതി പിരിവ് കുറയാൻ കാരണമെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ഡി) നികുതി പിരിവ് ഊർജ്ജിതമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ റവന്യൂ വിംഗ് രൂപീകരിക്കാമോ ?

ഉത്തരം

(എ) കഴിഞ്ഞ അഞ്ച് വർഷത്തെ സംസ്ഥാനത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശരാശരി നികുതി പിരിവ് താഴെ കൊടുക്കുന്നു :

2000-01	-	70.69%
2001-02	-	81.62%
2002-03	-	86.23%
2003-04	-	87.94%
2004-05	-	90.7%
ശരാശരി പിരിവ്	-	83.4%

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഗവൺമെന്റ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ സ്റ്റാഫിന്റെ ചെലവ്

87 [1026] പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. പി. ജെ. ജോസി:
,, പി. ടി. തോമസ് :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ സ്റ്റാഫിന്റെ ചെലവും മറ്റ് ചെലവുകളും ഗവൺമെന്റാണോ നിർവ്വഹിക്കുന്നത് ;

(ബി) ഈ ചെലവുകൾ വഹിക്കുന്നത് കൂടാതെയാണോ അവയ്ക്ക് ബഡ്ജറ്റിന്റെ നിശ്ചിത ശതമാനം തുക നൽകുന്നത് ;

(സി) ഇത് ബഡ്ജറ്റിന്റെ എത്ര ശതമാനം വരും ;

(ഡി) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ സ്റ്റാഫിനുവേണ്ടിയുള്ള ചെലവും മറ്റ് ചെലവുകളും ബഡ്ജറ്റിൽ ചേർത്ത് അവയ്ക്ക് നൽകുന്ന തുകയും കൂടിച്ചേർത്താൽ ബഡ്ജറ്റിന്റെ എത്ര ശതമാനം തുകയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നത് ?

ഉത്തരം

(എ) അതെ.

(ബി) അതെ.

(സി) സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിന്റെ ഏകദേശം 28% പദ്ധതി ഗ്രാന്റായും നികുതി വരുമാനത്തിന്റെ 5.5% മെയിന്റനൻസ് ഗ്രാന്റായും 3.5% പൊതു ആവശ്യ ഗ്രാന്റായും നൽകുന്നുണ്ട്.

(ഡി) കണക്കാക്കിയിട്ടില്ല

ബി.ജെ.പി.-യുടെ സഹായത്തോടെ എൽ.ഡി.എഫ്. കരസ്ഥമാക്കിയ തദ്ദേശഭരണ സ്ഥാനങ്ങൾ

88 [1027] ശ്രീ. വി. ജെ. പൗലോസ് :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
,, ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഇക്കഴിഞ്ഞ പ്രാവശ്യം നടന്ന തെരഞ്ഞെടുപ്പിനെ തുടർന്ന് ബി.ജെ.പി.-യുടെ സഹായത്തോടെ എൽ.ഡി.എഫിൽപ്പെട്ട എത്രപേർ ത്രിതല പഞ്ചായത്തുകളിലും, മുൻസിപ്പൽ കൗൺസിലുകളിലും പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ചെയർമാൻ എന്നീ സ്ഥാനങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട് ;

(ബി) എവിടെയെല്ലാമാണ് ഈ സ്ഥലങ്ങൾ.?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ

89 [1028] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ പദ്ധതി പ്രകാരം തലസ്ഥാന നഗരത്തിന് എത്തൊക്കെ സഹായമാണ് ലഭിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly